# പതിനഞ്ചാം കേരള നിയമസഭ

പതിനാറാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2026 ഫെബ്രുവരി 4, ബുധൻ

**നമ്പർ 201**

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്ന് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

[ചോദ്യോത്തരവേള ആരംഭിച്ചപ്പോൾതന്നെ സർക്കാർ സ്വീകരിച്ച നിലപാടിൽ പ്രതിഷേധിച്ച് സഭാ നടപടികളുമായി നിസ്സഹരിക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് അറിയിക്കുകയും ചെയ്തു. തുടർന്ന് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ മുദ്രാവാക്യം വിളിക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു. ]

ശ്രദ്ധ ക്ഷണിക്കൽ :

(1) രാജ്യത്ത് വിമാന സർവ്വീസുകൾ നിരന്തരം നിർത്തലാക്കുന്നതും, വിമാന ടിക്കറ്റ് ചാർജ് അനിയന്ത്രിതമായി വർദ്ധിപ്പിക്കുന്നതുമൂലം പ്രവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ ബഹളം തുടർന്നതിനാൽ കാര്യവിവര പട്ടികയിലെ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

KNPP.265/2026.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u>:

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | കൈപ്പമംഗലത്തെ വിവിധ കുടിവെള്ള പദ്ധതികൾ | ജലവിഭവ വകുപ്പുമന്ത്രി |
| 2. | ശ്രീ. കെ. ആൻസലൻ | പൊഴിയൂർ-കൊല്ലംകോട് ഭാഗത്തെ കടൽ ആക്രമണം | ജലവിഭവ വകുപ്പുമന്ത്രി |
| 3. | ശ്രീമതി ദെലീമ | തുറവൂരിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം | ജലവിഭവ വകുപ്പുമന്ത്രി |
| 4. | ശ്രീ. ഡി. കെ. മുരളി | മരം വീണ് മരണമടഞ്ഞ ഹർഷകുമാറിന്റെ കുടുംബത്തിന് സഹായം ലഭ്യമാക്കുന്നതിന് നടപടി | വനം-വന്യജീവി വകുപ്പുമന്ത്രി |
| 5. | ശ്രീ. ജി. സ്റ്റീഫൻ | അരുവിക്കരയിലെ പാലങ്ങളുടെ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിക്ക് വേണ്ടി ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 6. | ശ്രീ. എം. നൗഷാദ് | മൈലക്കാട് -കൊട്ടിയം-പറക്കുളം-ഉമയാനല്ലൂർ-മേവറം-അയത്തിൽ-കല്ലുംതാഴം ഭാഗങ്ങളെ ദേശീയ പാത വികസനം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിക്ക് വേണ്ടി ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 7. | ശ്രീ. പി. എസ്. സുപാൽ | ശബരി റെയിൽ പദ്ധതി പുനലൂർ-കൊല്ലം-വിഴിഞ്ഞം തുറമുഖം വരെ നീട്ടുന്നതിന് നടപടി | ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി |
| 8. | ശ്രീ. എൻ. കെ. അക്ബർ | ഗുരുവായൂർ-തിരുനാവായ റെയിൽപ്പാത | ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

(സർക്കാർ സ്വീകരിച്ച നിലപാടിൽ പ്രതിഷേധിച്ച് സഭാ നടപടികൾ ബഹിഷ്കരിക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് അറിയിച്ചതിനെ തുടർന്ന് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം തുടർന്നുള്ള സഭാ നടപടികൾ ബഹിഷ്കരിച്ച് സഭയിൽ നിന്നിറങ്ങിപ്പോകുകയും ചെയ്തു.)

<u>റിപ്പോർട്ടുകളുടെ സമർപ്പണം:</u>

(i) പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിച്ചു.

(ii) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ നാൽപ്പത്തിയഞ്ചാമതും, നാൽപ്പത്തിയാറാമതും റിപ്പോർട്ടുകൾ സമർപ്പിച്ചു.

(iii) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റിയുടെ എഴുപത്തിയൊൻപത് മുതൽ എൺപത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

<u>ചട്ടം 118 അനുസരിച്ചുള്ള ഗവണ്മെന്റ് പ്രമേയം</u> :

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചട്ടം 118 പ്രകാരം ഒരു പ്രമേയം അവതരിപ്പിച്ചു. പ്രമേയത്തിനുള്ള ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല. പ്രമേയം താഴെപ്പറയും പ്രകാരം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

"ലോകസമൂഹത്തിനു മുന്നിൽ തലയുയർത്തി നിൽക്കാൻ രാജ്യത്തിനു കെൽപ്പുണ്ടാവുന്നത് അതിലെ സംസ്ഥാനങ്ങളാകെ ഭദ്രവും വികസിതവും ഐശ്വര്യ പൂർണ്ണവുമാവുമ്പോൾ മാത്രമാണ്. സംസ്ഥാനങ്ങളെ ദുർബലപ്പെടുത്തി ഒരു രാജ്യത്തിനും അഭിമാനത്തോടെ ഉയർന്നുനിൽക്കാനാവില്ല. ഭരണഘടന ത്രിതല ഭരണസംവിധാനത്തിലൂടെ ഉയർത്തിപ്പിടിച്ചത് ഈ ഫെഡറൽ തത്വമാണ്.

എന്നാൽ, കഴിഞ്ഞ ഏതാനും വർഷങ്ങളായി കേരളം മുന്നോട്ടുവച്ചിട്ടുള്ള ന്യായയുക്തമായ ആവശ്യങ്ങൾ പലതിനും യാതൊരു പരിഗണനയും കേന്ദ്രസർക്കാർ നൽകുന്നില്ല എന്നത് കേരള സമൂഹത്തെ ഒന്നാകെ നിരാശപ്പെടുത്തുന്നതാണ്. അതിനപ്പുറം രാജ്യത്തിന്റെ അന്തസ്സിനെ ലോക സമൂഹ മദ്ധ്യത്തിൽ ഇടിച്ചുതാഴ്ത്തുന്നതുമാണ്.

ലോകശ്രദ്ധയാകർഷിച്ച വികസന പരിപ്രേഷ്യം മുന്നോട്ടുവച്ച് രാജ്യത്തിനും ആഗോള സമൂഹത്തിനും മുന്നിൽ അഭിമാനാർഹമായ നേട്ടങ്ങൾ മുന്നോട്ടുവച്ച സംസ്ഥാനത്തോട് തുടർന്നുവരുന്ന അവഗണന ജനാധിപത്യ ഫെഡറൽ മൂല്യങ്ങളെ അവഹേളിക്കുന്നതാണ്. നമ്മുടെ ജനാധിപത്യത്തെ തന്നെ സംശയിക്കാൻ പലർക്കും പഴുതുനൽകുന്നതുമാണ്.

രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളുടെയും സമതുലിതമായ വികസനം ഉണ്ടാവുമ്പോൾ മാത്രമേ രാജ്യത്തിന്റെ പൊതുവികസനം സാധ്യമാവൂ. ഒരു ഭാഗത്തിന്റെ തകർച്ച പൊതു തളർച്ചയ്ക്കാവും വഴിവെയ്ക്കുക. ഇതുകൊണ്ടാണ് പ്രദേശഭേദങ്ങൾക്കതീതമായ സമീപനം ഭരണഘടന തന്നെ വ്യവസ്ഥ ചെയ്തത്. എന്നാൽ യൂണിയൻ സർക്കാരിന്റെ വാർഷിക പൊതു ബജറ്റ് മുൻ വർഷങ്ങളിലേതിനേക്കാൾ കൂടുതലായി ഈ വ്യവസ്ഥയെ അട്ടിമറിക്കുന്നു.

കേരളം രണ്ടു ദശാബ്ദക്കാലത്തിലേറെയായി ഉന്നയിക്കുന്ന ആവശ്യമാണ് സംസ്ഥാനത്തിന് ഒരു എയിംസ് വേണമെന്നുള്ളത്. ഇതിന് ആവശ്യമായ ഭൂമി സംസ്ഥാന സർക്കാർ കണ്ടെത്തുകയും ഏറ്റെടുക്കാൻ ആവശ്യമായ നടപടികൾ മിക്കവാറുമൊക്കെ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, യൂണിയൻ സർക്കാരിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടായില്ല. കേന്ദ്ര ബജറ്റിലും ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന് തികഞ്ഞ മൗനമാണുള്ളത്. കേരളത്തിന് ഒരു എയിംസ് അടിയന്തരമായി അനുവദിക്കണമെന്ന് ഈ സഭ ഏകകണ്ഠമായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു.

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി നടപ്പിലാക്കുന്നതിൽ കേരളം മുൻപന്തിയിലാണ്. 100 ശതമാനം കേന്ദ്ര സഹായം ലഭ്യമായിരുന്ന ഈ പദ്ധതിയെ VB-G RAM-G എന്ന പദ്ധതിയായി പരിവർത്തനം ചെയ്തതിലൂടെ കേന്ദ്ര സഹായത്തിൽ 60 ശതമാനമായി കുറവ് വന്നിട്ടുണ്ട്. ഇതിലൂടെ കേരളത്തിന് ഉദ്ദേശം 3,800 കോടി രൂപയുടെ നഷ്ടമുണ്ടാകുന്നുണ്ട്. ഇത് കേരളത്തിന് വലിയ തിരിച്ചടി ഉണ്ടാക്കുന്ന നടപടിയാണ്. ഇതിനു പുറമെയാണ് 2026-27-ലെ കേന്ദ്ര ബജറ്റിൽ തൊഴിലുറപ്പ് പദ്ധതിക്കായുള്ള വകയിരുത്തൽ 88,000 കോടിയിൽ നിന്നും 30,000 കോടിയായി കുറച്ചിട്ടുള്ളത്. കേരളം സ്തുത്യർഹമായി നടത്തിവരുന്ന തൊഴിലുറപ്പ് പദ്ധതിയുടെ ദേശീയ തലത്തിലെ അടങ്കലിൽ വന്നിട്ടുള്ള 58,000 കോടി രൂപയുടെ വെട്ടിക്കുറവ് കേരളത്തെ സാരമായി ബാധിക്കുന്നതാണ്.

ഒട്ടനവധി യാത്രക്കാർ ദിനംപ്രതി ഉപയോഗിക്കുന്ന കേരളത്തിന്റെ റെയിൽവേ ശൃംഖല ഇപ്പോഴും വേഗം കുറഞ്ഞ അവസ്ഥയിലാണ് തുടരുന്നത്. 573 കിലോമീറ്റർ ദൂരമുള്ള തിരുവനന്തപുരം - കാസർഗോഡ് മേഖലയിൽ യാത്ര പൂർത്തീകരിക്കാൻ 13 മണിക്കൂറോളം വേണ്ടിവരും. ഇത് ഗണ്യമായി കുറച്ചുകൊണ്ടുവന്നാൽ കേരളത്തിന്റെ സാമ്പത്തിക പുരോഗതിക്ക് വലിയ ഉത്തേജനം നൽകുമെന്ന കാര്യത്തിൽ സംശയമില്ല. സാങ്കേതിക മാതൃക ഏതുതന്നെയായാലും കേരളത്തിന് ഒരു അതിവേഗ റെയിൽപാത അനിവാര്യമാണ്. ഇതിനായി സംസ്ഥാന സർക്കാർ പലവട്ടം യൂണിയൻ സർക്കാരിനെ സമീപിച്ചിട്ടുള്ളതാണ്. എന്നാൽ കേന്ദ്ര ബജറ്റിൽ ഇക്കാര്യത്തിലും കേരളത്തിന് അവഗണനയാണ്.

നിർദ്ദിഷ്ട കോച്ച് ഫാക്ടറിയ്ക്കുള്ള അനുമതി നിഷേധിച്ചിരിക്കുകയാണ്. തിരുവനന്തപുരം മുതൽ മംഗലാപുരം റൂട്ടിൽ മൂന്ന്, നാല് റെയിൽവേ ലൈനുകൾക്കുള്ള സർവ്വേ പ്രവർത്തനങ്ങൾ ആരംഭിക്കണമെന്നതും സംസ്ഥാനം യൂണിയൻ സർക്കാരിനു മുമ്പാകെ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളാണ്. ഇതും കേന്ദ്രം ചെവിക്കൊണ്ടില്ല.

രാജ്യത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന്റെ നാഴികക്കല്ലായ വിഴിഞ്ഞം തുറമുഖ പദ്ധതിക്കുള്ള വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (വി.ജി.എഫ്) ഗ്രാന്റായി നൽകണമെന്ന് നിരവധി തവണ സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടും തിരിച്ചടവിന് വിധേയമായ വി.ജി.എഫ്. ആണ് കേന്ദ്രസർക്കാർ അനുവദിച്ചത്. മറ്റ് പല സംസ്ഥാനങ്ങൾക്കും വി.ജി.എഫ്. ഗ്രാന്റായി അനുവദിച്ച യൂണിയൻ സർക്കാർ വിഴിഞ്ഞം തുറമുഖത്തിന് വി.ജി.എഫ്. അനുവദിക്കുന്നതിൽ തികച്ചും വിവേചനപരമായ സമീപനമാണ് സ്വീകരിച്ചത്.

വിദേശ വിമാനക്കമ്പനികൾക്ക് കണ്ണൂർ എയർപോർട്ടിൽ നിന്നും സർവ്വീസ് നടത്താനുള്ള പോയിന്റ് ഓഫ് കാൾ ലഭ്യമാക്കണമെന്ന ആവശ്യവും പരിഗണിച്ചില്ല. ബഹു. പ്രധാനമന്ത്രിക്ക് ഉൾപ്പെടെ ഇക്കാര്യത്തിൽ കത്തുകളും നിവേദനങ്ങളും നൽകിയതാണ്.

പ്രകൃതിദുരന്തങ്ങളുടെ കാര്യത്തിൽ മാനുഷിക പരിഗണനപോലും നൽകാതെയുള്ള മനുഷ്യത്വരഹിതമായ സമീപനമാണ് കേന്ദ്രം കേരളത്തോട് കാണിക്കുന്നത്. മുണ്ടക്കൈ-ചൂരൽമല ദുരന്തത്തിൽ നിന്ന് കരകയറാനുള്ള ശ്രമങ്ങൾക്ക് അർഹിക്കുന്ന നഷ്ടപരിഹാരം നൽകാൻ കേന്ദ്രസർക്കാർ തയ്യാറായില്ല എന്നുമാത്രമല്ല കേന്ദ്ര നിയമത്തിലെ ഭേദഗതിയിലൂടെ ദുരന്തബാധിതരുടെ വായ്പ എഴുതിത്തള്ളാനുള്ള വകുപ്പ് റദ്ദ് ചെയ്യുക കൂടി ചെയ്തു. പ്രകൃതിദുരന്തത്തിന് ഇരയായ വയനാട്ടിലെ ജനതയോടുള്ള കേന്ദ്ര സമീപനത്തിനെതിരെ ബഹു. ഹൈക്കോടതിയുടെ ഭാഗത്തുനിന്നുപോലും പരാമർശങ്ങൾ ഉണ്ടായി.

പശ്ചാത്തലസൗകര്യ വികസനത്തിനും ക്ഷേമ പ്രവർത്തനങ്ങൾക്കും തുല്യ പ്രാധാന്യം നൽകി ദിശാബോധത്തോടെ മുന്നോട്ടുനീങ്ങുന്ന കേരള സർക്കാരിനെ സാമ്പത്തികമായി ഉപരോധിക്കുന്ന സമീപനമാണ് യൂണിയൻ സർക്കാർ കൈക്കൊള്ളുന്നത്. നികുതിവരുമാനത്തിന്റെ നിശ്ചിത വിഹിതം പശ്ചാത്തല സൗകര്യ വികസനത്തിനു നീക്കിവെക്കുന്ന ദീർഘവീക്ഷണത്തോടെയുള്ള നയമാണ് കേരള സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഈ നയത്തെ പ്രോത്സാഹിപ്പിക്കുന്നതിനു പകരം സംസ്ഥാനത്തിന്റെ കമ്പോള വായ്പാപരിധി വെട്ടിക്കുറയ്ക്കുകയാണു യൂണിയൻ സർക്കാർ.

2026-27 അവസാന പാദത്തിൽ 5,944 കോടി രൂപയുടെ വെട്ടിക്കുറവാണ് സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ വരുത്തിയിട്ടുള്ളത്. ഇതിനു പുറമെയാണ് ഗ്യാരന്റി

സിങ്കിംഗ് ഫണ്ടിന്റെ പേരിൽ 3,323 കോടി രൂപ വെട്ടിക്കുറച്ചത്. സാമ്പത്തിക വർഷത്തിന്റെ അന്ത്യ ഘട്ടത്തിൽ ക്ഷേമപ്രവർത്തനങ്ങളെയും പശ്ചാത്തല വികസന സൗകര്യ ഉദ്യമങ്ങളെയും തുരങ്കം വെയ്ക്കുന്ന ഈ കേന്ദ്ര നടപടികൾ കേരളത്തോടു പുലർത്തിവരുന്ന പ്രതികാരബുദ്ധിയുടെ തുടർച്ചയാണെന്നത് നിസ്തർക്കമാണ്. ഏറ്റവുമൊടുവിൽ 16 - ാം ധനകാര്യ കമ്മീഷൻ റവന്യൂ കമ്മി ഗ്രാന്റുകൾ നിർത്തലാക്കാൻ തീരുമാനിച്ചതും കേരളത്തിന് കനത്ത പ്രഹരമാണ്. ഗ്രാന്റ് വെട്ടിക്കുറച്ചതു വഴി കേരളത്തിന് 15 - ാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ ലഭിച്ച 53,000 കോടി 16 - ാം ധനകാര്യ കമ്മീഷന്റെ നടപടിയിലൂടെ ഇല്ലാതായി.

ഐ. ജി. എസ്. ടി. ഇനത്തിൽ ലഭിക്കാനുള്ള 965.16 കോടി രൂപ തടഞ്ഞുവെച്ചതും ജി. എസ്. ടി. നിരക്കുകൾ കുറച്ചതുകാരണം വരുന്ന സാമ്പത്തിക നഷ്ടം നികത്താൻ നഷ്ടപരിഹാരം വേണമെന്ന ആവശ്യം ചെവിക്കൊള്ളാത്തതും, കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളോട് കേന്ദ്രം സ്വീകരിച്ചുവരുന്ന തെറ്റായ സമീപനത്തിന്റെ ഭാഗമാണ്.

ദേശീയപാതാ വികസനത്തിന് ഭൂമി ഏറ്റെടുക്കൽ ചെലവിന്റെ 25 ശതമാനം വഹിച്ചത് സംസ്ഥാന സർക്കാരാണ്. ഇന്ത്യൻ സംസ്ഥാനങ്ങൾക്കിടയിൽ കേരളത്തിന് മാത്രമാണ് ഇത്തരമൊരു അധിക ബാധ്യത ഏറ്റെടുക്കേണ്ടിവന്നത്. ഈ തുക വായ്പാ പരിധിയിൽപ്പെടുത്തി സംസ്ഥാനത്തിന് കമ്പോള വായ്പ എടുക്കണമെന്ന ആവശ്യവും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ല.

നിരവധി കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാന സർക്കാരിനു ലഭിക്കാനുള്ള ഗ്രാന്റുകൾ കേന്ദ്രസർക്കാർ തടഞ്ഞുവച്ചിരിക്കുകയാണ്. അനവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാനുണ്ടെങ്കിലും അവഗണന ഏറ്റവും കൂടുതൽ പ്രതിഫലിക്കുന്ന ഏതാനും ചില ഉദാഹരണങ്ങളാണ് ഈ പ്രമേയത്തിൽ സൂചിപ്പിച്ചിട്ടുള്ളത്.

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്രോതസ്സുകളെ ചുരുക്കുകയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് നൽകുന്നതിനുള്ള കേന്ദ്രവിഹിതം തടഞ്ഞുവയ്ക്കുകയും ഭൗതിക പശ്ചാത്തല സൗകര്യ വികസനത്തിന്റെ കാര്യത്തിൽ ഒരു പരിഗണനയും കേരളത്തിനു നൽകാതിരിക്കുകയും ചെയ്യുന്ന കേന്ദ്രസർക്കാരിന്റെ അവഗണനയിലും വിവേചനത്തിലും കേരള ജനതയ്ക്കുള്ള ശക്തമായ പ്രതിഷേധം ഈ സഭ അറിയിക്കുകയാണ്.

സംസ്ഥാനത്തോടുള്ള കേന്ദ്രസമീപനം അടിയന്തരമായി തിരുത്തുകയും കേരളത്തിന്റെയും ഇന്ത്യയുടെയാകെയും വികസനത്തിന് അനിവാര്യമായ ആവശ്യങ്ങളാണ് കേരളം ഉന്നയിക്കുന്നത്. ഇത് മനസ്സിലാക്കി കേരളത്തിന്റെ ആവശ്യങ്ങൾ അംഗീകരിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു.

കേരളജനതയുടെ രാഷ്ട്രീയ ഭേദങ്ങൾക്കതീതമായ പൊതു വികാരമാണ് ഈ പ്രമേയത്തിലുള്ളത്. രാജ്യത്തിന്റെയാകെ സമതുലിത വികസനം എന്ന സഹകരണ ഫെഡറലിസത്തിന്റെ ഭരണഘടനാ സത്തയാണിതിലുള്ളത്. ഇതു മനസ്സിലാക്കി കേരളത്തിന് അർഹതപ്പെട്ടതും അവകാശപ്പെട്ടതുമായ നീതി ഉറപ്പാക്കണമെന്ന് ഈ സഭ യൂണിയൻ സർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു."

ധനകാര്യം :

2026-27 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിനെ സംബന്ധിച്ച പൊതു ചർച്ച പുനരാരംഭിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. ഡി. കെ. മുരളി

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. ആന്റണി ജോൺ

ശ്രീ. തോമസ് കെ. തോമസ്

ഡോ. സുജിത് വിജയൻപിള്ള

ശ്രീ. എം. രാജഗോപാലൻ

2026-27 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിനെ സംബന്ധിച്ച പൊതു ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞു.

2026 ഫെബ്രുവരി 5-ാം തീയതി, വ്യാഴാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് 1.21 - ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Sixteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, February 4, 2026.*

**No. 201**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Three Questions in the list of Questions posted for the day were answered orally.

[At the commencement of Question Hour, the Leader of Opposition informed the House that they are not cooperating with the proceedings of the House in protest against the stance taken by the Government. Subsequently, the Members belonging to the Opposition parties shouted slogans in the House and tried to disrupt the proceedings of the House.)

*Calling Attention:*

(1) Shri K. P. Kunhammed Kutti Master called the attention of the Chief Minister to the necessity to exert pressure on the Central Government to resolve the difficulties faced by the Non-Residents due to the frequent cancellation of flight services in the country and the uncontrolled hike in air fares.

The Chief Minister made a statement in this regard.

(The second calling attention in the List of Business was not presented as the opposition party members continued to clamour.)

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below;

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | കൈപ്പമംഗലത്തെ വിവിധ കുടിവെള്ള പദ്ധതികൾ | ജലവിഭവ വകുപ്പുമന്ത്രി |
| 2. | ശ്രീ. കെ. ആൻസലൻ | പൊഴിയൂർ-കൊല്ലംകോട് ഭാഗത്തെ കടൽ ആക്രമണം | ജലവിഭവ വകുപ്പുമന്ത്രി |
| 3. | ശ്രീമതി ദെലീമ | തുറവൂരിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം | ജലവിഭവ വകുപ്പുമന്ത്രി |
| 4. | ശ്രീ. ഡി. കെ. മുരളി | മരം വീണ് മരണമടഞ്ഞ ഹർഷകുമാറിന്റെ കുടുംബത്തിന് സഹായം ലഭ്യമാക്കുന്നതിന് നടപടി | വനം-വന്യജീവി വകുപ്പുമന്ത്രി |
| 5. | ശ്രീ. ജി. സ്റ്റീഫൻ | അരുവിക്കരയിലെ പാലങ്ങളുടെ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിക്ക് വേണ്ടി ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 6. | ശ്രീ. എം. നൗഷാദ് | മൈലക്കാട് -കൊട്ടിയം-പറക്കുളം-ഉമയാനല്ലൂർ-മേവറം-അയത്തിൽ-കല്ലുംതാഴം ഭാഗങ്ങളെ ദേശീയ പാത വികസനം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിക്ക് വേണ്ടി ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 7. | ശ്രീ. പി. എസ്. സുപാൽ | ശബരി റെയിൽ പദ്ധതി പുനലൂർ-കൊല്ലം-വിഴിഞ്ഞം തുറമുഖം വരെ നീട്ടുന്നതിന് നടപടി | ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി |
| 8. | ശ്രീ. എൻ. കെ. അക്ബർ | ഗുരുവായൂർ-തിരുനാവായ റെയിൽപ്പാത | ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

(As a mark of protest against the attitude of the Government, the Leader of Opposition announced that the Members belonging to the Opposition were boycotting the proceedings of the House in protest against the stance taken by the Government. Consequently, the members of the opposition boycotted the further proceedings.)

*Presentation of Reports:*

(i) The Fourth Report of the Committee of Privileges and Ethics was presented.

(ii) The Forty Fifth and Forty Sixth Reports of the Committee on Subordinate Legislation were presented.

(iii) The Seventy Ninth to Eighty Fourth Reports of the Committee on Public Undertakings were presented.

*Government Resolution under Rule 118:*

Chief Minister Shri Pinarayi Vijayan moved a resolution as per Rule 118. No amendments were moved to the resolution. The Resolution was adopted unanimously by the House as stated below:

"ലോകസമൂഹത്തിനു മുന്നിൽ തലയുയർത്തി നിൽക്കാൻ രാജ്യത്തിനു കെൽപ്പുണ്ടാവുന്നത് അതിലെ സംസ്ഥാനങ്ങളാകെ ഭദ്രവും വികസിതവും ഐശ്വര്യപൂർണ്ണവു മാവുമ്പോൾ മാത്രമാണ്. സംസ്ഥാനങ്ങളെ ദുർബലപ്പെടുത്തി ഒരു രാജ്യത്തിനും അഭിമാനത്തോടെ ഉയർന്നുനിൽക്കാനാവില്ല. ഭരണഘടന ത്രിതല ഭരണസംവിധാനത്തിലൂടെ ഉയർത്തിപ്പിടിച്ചത് ഈ ഫെഡറൽ തത്വമാണ്.

എന്നാൽ, കഴിഞ്ഞ ഏതാനും വർഷങ്ങളായി കേരളം മുന്നോട്ടുവച്ചിട്ടുള്ള ന്യായയുക്തമായ ആവശ്യങ്ങൾ പലതിനും യാതൊരു പരിഗണനയും കേന്ദ്രസർക്കാർ നൽകുന്നില്ല എന്നത് കേരള സമൂഹത്തെ ഒന്നാകെ നിരാശപ്പെടുത്തുന്നതാണ്. അതിനപ്പുറം രാജ്യത്തിന്റെ അന്തസ്സിനെ ലോക സമൂഹ മദ്ധ്യത്തിൽ ഇടിച്ചുതാഴ്ത്തുന്നതുമാണ്.

ലോകശ്രദ്ധയാകർഷിച്ച വികസന പരിപ്രേഷ്യം മുന്നോട്ടുവച്ച് രാജ്യത്തിനും ആഗോളസമൂഹത്തിനും മുന്നിൽ അഭിമാനാർഹമായ നേട്ടങ്ങൾ മുന്നോട്ടുവച്ച

സംസ്ഥാനത്തോട് തുടർന്നുവരുന്ന അവഗണന ജനാധിപത്യ ഫെഡറൽ മൂല്യങ്ങളെ അവഹേളിക്കുന്നതാണ്. നമ്മുടെ ജനാധിപത്യത്തെ തന്നെ സംശയിക്കാൻ പലർക്കും പഴുതുനൽകുന്നതുമാണ്.

രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളുടെയും സമതുലിതമായ വികസനം ഉണ്ടാവുമ്പോൾ മാത്രമേ രാജ്യത്തിന്റെ പൊതുവികസനം സാധ്യമാവൂ. ഒരു ഭാഗത്തിന്റെ തകർച്ച പൊതു തളർച്ചയ്ക്കാവും വഴിവെയ്ക്കുക. ഇതുകൊണ്ടാണ് പ്രദേശഭേദങ്ങൾക്കതീതമായ സമീപനം ഭരണഘടന തന്നെ വ്യവസ്ഥ ചെയ്തത്. എന്നാൽ യൂണിയൻ സർക്കാരിന്റെ വാർഷിക പൊതു ബജറ്റ് മുൻ വർഷങ്ങളിലേതിനേക്കാൾ കൂടുതലായി ഈ വ്യവസ്ഥയെ അട്ടിമറിക്കുന്നു.

കേരളം രണ്ടു ദശാബ്ദക്കാലത്തിലേറെയായി ഉന്നയിക്കുന്ന ആവശ്യമാണ് സംസ്ഥാനത്തിന് ഒരു എയിംസ് വേണമെന്നുള്ളത്. ഇതിന് ആവശ്യമായ ഭൂമി സംസ്ഥാന സർക്കാർ കണ്ടെത്തുകയും ഏറ്റെടുക്കാൻ ആവശ്യമായ നടപടികൾ മിക്കവാറുമൊക്കെ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, യൂണിയൻ സർക്കാരിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടായില്ല. കേന്ദ്ര ബജറ്റിലും ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന് തികഞ്ഞ മൗനമാണുള്ളത്. കേരളത്തിന് ഒരു എയിംസ് അടിയന്തരമായി അനുവദിക്കണമെന്ന് ഈ സഭ ഏകകണ്ഠമായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു.

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി നടപ്പിലാക്കുന്നതിൽ കേരളം മുൻപന്തിയിലാണ്. 100 ശതമാനം കേന്ദ്ര സഹായം ലഭ്യമായിരുന്ന ഈ പദ്ധതിയെ VB-G RAM-G എന്ന പദ്ധതിയായി പരിവർത്തനം ചെയ്തതിലൂടെ കേന്ദ്ര സഹായത്തിൽ 60 ശതമാനമായി കുറവ് വന്നിട്ടുണ്ട്. ഇതിലൂടെ കേരളത്തിന് ഉദ്ദേശം 3,800 കോടി രൂപയുടെ നഷ്ടമുണ്ടാകുന്നുണ്ട്. ഇത് കേരളത്തിന് വലിയ തിരിച്ചടി ഉണ്ടാക്കുന്ന നടപടിയാണ്. ഇതിനു പുറമെയാണ് 2026-27-ലെ കേന്ദ്ര ബജറ്റിൽ തൊഴിലുറപ്പ് പദ്ധതിക്കായുള്ള വകയിരുത്തൽ 88,000 കോടിയിൽ നിന്നും 30,000 കോടിയായി കുറച്ചിട്ടുള്ളത്. കേരളം സ്തുത്യർഹമായി നടത്തിവരുന്ന തൊഴിലുറപ്പ് പദ്ധതിയുടെ ദേശീയ തലത്തിലെ അടങ്കലിൽ വന്നിട്ടുള്ള 58,000 കോടി രൂപയുടെ വെട്ടിക്കുറവ് കേരളത്തെ സാരമായി ബാധിക്കുന്നതാണ്.

ഒട്ടനവധി യാത്രക്കാർ ദിനംപ്രതി ഉപയോഗിക്കുന്ന കേരളത്തിന്റെ റെയിൽവേ ശൃംഖല ഇപ്പോഴും വേഗം കുറഞ്ഞ അവസ്ഥയിലാണ് തുടരുന്നത്. 573 കിലോമീറ്റർ ദൂരമുള്ള തിരുവനന്തപുരം - കാസർഗോഡ് മേഖലയിൽ യാത്ര പൂർത്തീകരിക്കാൻ 13 മണിക്കൂറോളം വേണ്ടിവരും. ഇത് ഗണ്യമായി കുറച്ചുകൊണ്ടുവന്നാൽ കേരളത്തിന്റെ സാമ്പത്തിക പുരോഗതിക്ക് വലിയ ഉത്തേജനം നൽകുമെന്ന കാര്യത്തിൽ സംശയമില്ല. സാങ്കേതിക മാതൃക ഏതുതന്നെയായാലും കേരളത്തിന് ഒരു അതിവേഗ റെയിൽപാത അനിവാര്യമാണ്.

ഇതിനായി സംസ്ഥാന സർക്കാർ പലവട്ടം യൂണിയൻ സർക്കാരിനെ സമീപിച്ചിട്ടുള്ളതാണ്. എന്നാൽ കേന്ദ്ര ബജറ്റിൽ ഇക്കാര്യത്തിലും കേരളത്തിന് അവഗണനയാണ്.

നിർദ്ദിഷ്ട കോച്ച് ഫാക്ടറിയ്ക്കുള്ള അനുമതി നിഷേധിച്ചിരിക്കുകയാണ്. തിരുവനന്തപുരം മുതൽ മംഗലാപുരം റൂട്ടിൽ മൂന്ന്, നാല് റെയിൽവേ ലൈനുകൾക്കുള്ള സർവ്വേ പ്രവർത്തനങ്ങൾ ആരംഭിക്കണമെന്നതും സംസ്ഥാനം യൂണിയൻ സർക്കാരിനു മുമ്പാകെ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളാണ്. ഇതും കേന്ദ്രം ചെവിക്കൊണ്ടില്ല.

രാജ്യത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന്റെ നാഴികക്കല്ലായ വിഴിഞ്ഞം തുറമുഖ പദ്ധതിക്കുള്ള വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (വി.ജി.എഫ്) ഗ്രാന്റായി നൽകണമെന്ന് നിരവധി തവണ സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടും തിരിച്ചടവിന് വിധേയമായ വി.ജി.എഫ്. ആണ് കേന്ദ്രസർക്കാർ അനുവദിച്ചത്. മറ്റു പല സംസ്ഥാനങ്ങൾക്കും വി.ജി.എഫ്. ഗ്രാന്റായി അനുവദിച്ച യൂണിയൻ സർക്കാർ വിഴിഞ്ഞം തുറമുഖത്തിന് വി.ജി.എഫ്. അനുവദിക്കുന്നതിൽ തികച്ചും വിവേചനപരമായ സമീപനമാണ് സ്വീകരിച്ചത്.

വിദേശ വിമാനക്കമ്പനികൾക്ക് കണ്ണൂർ എയർപോർട്ടിൽ നിന്നും സർവ്വീസ് നടത്താനുള്ള പോയിന്റ് ഓഫ് കാൾ ലഭ്യമാക്കണമെന്ന ആവശ്യവും പരിഗണിച്ചില്ല. ബഹു. പ്രധാനമന്ത്രിക്ക് ഉൾപ്പെടെ ഇക്കാര്യത്തിൽ കത്തുകളും നിവേദനങ്ങളും നൽകിയതാണ്.

പ്രകൃതിദുരന്തങ്ങളുടെ കാര്യത്തിൽ മാനുഷിക പരിഗണനപോലും നൽകാതെയുള്ള മനുഷ്യത്വരഹിതമായ സമീപനമാണ് കേന്ദ്രം കേരളത്തോട് കാണിക്കുന്നത്. മുണ്ടക്കൈ-ചൂരൽമല ദുരന്തത്തിൽ നിന്ന് കരകയറാനുള്ള ശ്രമങ്ങൾക്ക് അർഹിക്കുന്ന നഷ്ടപരിഹാരം നൽകാൻ കേന്ദ്രസർക്കാർ തയ്യാറായില്ല എന്നുമാത്രമല്ല കേന്ദ്ര നിയമത്തിലെ ഭേദഗതിയിലൂടെ ദുരന്തബാധിതരുടെ വായ്പ എഴുതിത്തള്ളാനുള്ള വകുപ്പ് റദ്ദ് ചെയ്യുക കൂടി ചെയ്തു. പ്രകൃതിദുരന്തത്തിന് ഇരയായ വയനാട്ടിലെ ജനതയോടുള്ള കേന്ദ്ര സമീപനത്തിനെതിരെ ബഹു. ഹൈക്കോടതിയുടെ ഭാഗത്തുനിന്നുപോലും പരാമർശങ്ങൾ ഉണ്ടായി.

പശ്ചാത്തലസൗകര്യ വികസനത്തിനും ക്ഷേമ പ്രവർത്തനങ്ങൾക്കും തുല്യ പ്രാധാന്യം നൽകി ദിശാബോധത്തോടെ മുന്നോട്ടുനീങ്ങുന്ന കേരള സർക്കാരിനെ സാമ്പത്തികമായി ഉപരോധിക്കുന്ന സമീപനമാണ് യൂണിയൻ സർക്കാർ കൈക്കൊള്ളുന്നത്. നികുതിവരുമാനത്തിന്റെ നിശ്ചിത വിഹിതം പശ്ചാത്തല സൗകര്യ വികസനത്തിനു നീക്കിവെക്കുന്ന ദീർഘവീക്ഷണത്തോടെയുള്ള നയമാണ് കേരള സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഈ നയത്തെ പ്രോത്സാഹിപ്പിക്കുന്നതിനു പകരം സംസ്ഥാനത്തിന്റെ കമ്പോള വായ്പാപരിധി വെട്ടിക്കുറയ്ക്കുകയാണു യൂണിയൻ സർക്കാർ.

2026-27 അവസാന പാദത്തിൽ 5,944 കോടി രൂപയുടെ വെട്ടിക്കുറവാണ് സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ വരുത്തിയിട്ടുള്ളത്. ഇതിനു പുറമെയാണ് ഗ്യാരന്റി സിങ്കിംഗ് ഫണ്ടിന്റെ പേരിൽ 3,323 കോടി രൂപ വെട്ടിക്കുറച്ചത്. സാമ്പത്തിക വർഷത്തിന്റെ അന്ത്യ ഘട്ടത്തിൽ ക്ഷേമപ്രവർത്തനങ്ങളെയും പശ്ചാത്തല വികസന സൗകര്യ ഉദ്യമങ്ങളെയും തുരങ്കം വെയ്ക്കുന്ന ഈ കേന്ദ്ര നടപടികൾ കേരളത്തോടു പുലർത്തിവരുന്ന പ്രതികാരബുദ്ധിയുടെ തുടർച്ചയാണെന്നത് നിസ്തർക്കമാണ്. ഏറ്റവുമൊടുവിൽ 16-ാം ധനകാര്യ കമ്മീഷൻ റവന്യൂ കമ്മി ഗ്രാന്റുകൾ നിർത്തലാക്കാൻ തീരുമാനിച്ചതും കേരളത്തിന് കനത്ത പ്രഹരമാണ്. ഗ്രാന്റ് വെട്ടിക്കുറച്ചതു വഴി കേരളത്തിന് 15-ാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ ലഭിച്ച 53,000 കോടി 16 - ാം ധനകാര്യ കമ്മീഷന്റെ നടപടിയിലൂടെ ഇല്ലാതായി.

ഐ. ജി. എസ്. ടി. ഇനത്തിൽ ലഭിക്കാനുള്ള 965.16 കോടി രൂപ തടഞ്ഞുവെച്ചതും ജി. എസ്. ടി. നിരക്കുകൾ കുറച്ചതുകാരണം വരുന്ന സാമ്പത്തിക നഷ്ടം നികത്താൻ നഷ്ടപരിഹാരം വേണമെന്ന ആവശ്യം ചെവിക്കൊള്ളാത്തതും, കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളോട് കേന്ദ്രം സ്വീകരിച്ചുവരുന്ന തെറ്റായ സമീപനത്തിന്റെ ഭാഗമാണ്.

ദേശീയപാതാ വികസനത്തിന് ഭൂമി ഏറ്റെടുക്കൽ ചെലവിന്റെ 25 ശതമാനം വഹിച്ചത് സംസ്ഥാന സർക്കാരാണ്. ഇന്ത്യൻ സംസ്ഥാനങ്ങൾക്കിടയിൽ കേരളത്തിന് മാത്രമാണ് ഇത്തരമൊരു അധിക ബാധ്യത ഏറ്റെടുക്കേണ്ടിവന്നത്. ഈ തുക വായ്പാ പരിധിയിൽപ്പെടുത്തി സംസ്ഥാനത്തിന് കമ്പോള വായ്പ എടുക്കണമെന്ന ആവശ്യവും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ല.

നിരവധി കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാന സർക്കാരിനു ലഭിക്കാനുള്ള ഗ്രാന്റുകൾ കേന്ദ്രസർക്കാർ തടഞ്ഞുവച്ചിരിക്കുകയാണ്. അനവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാനുണ്ടെങ്കിലും അവഗണന ഏറ്റവും കൂടുതൽ പ്രതിഫലിക്കുന്ന ഏതാനും ചില ഉദാഹരണങ്ങളാണ് ഈ പ്രമേയത്തിൽ സൂചിപ്പിച്ചിട്ടുള്ളത്.

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്രോതസ്സുകളെ ചുരുക്കുകയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് നൽകുന്നതിനുള്ള കേന്ദ്രവിഹിതം തടഞ്ഞുവയ്ക്കുകയും ഭൗതിക പശ്ചാത്തല സൗകര്യ വികസനത്തിന്റെ കാര്യത്തിൽ ഒരു പരിഗണനയും കേരളത്തിനു നൽകാതിരിക്കുകയും ചെയ്യുന്ന കേന്ദ്രസർക്കാരിന്റെ അവഗണനയിലും വിവേചനത്തിലും കേരള ജനതയ്ക്കുള്ള ശക്തമായ പ്രതിഷേധം ഈ സഭ അറിയിക്കുകയാണ്.

സംസ്ഥാനത്തോടുള്ള കേന്ദ്രസമീപനം അടിയന്തരമായി തിരുത്തുകയും കേരളത്തിന്റെയും ഇന്ത്യയുടെയാകെയും വികസനത്തിന് അനിവാര്യമായ ആവശ്യങ്ങളാണ് കേരളം

ഉന്നയിക്കുന്നത്. ഇത് മനസ്സിലാക്കി കേരളത്തിന്റെ ആവശ്യങ്ങൾ അംഗീകരിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു.

കേരളജനതയുടെ രാഷ്ട്രീയ ഭേദങ്ങൾക്കതീതമായ പൊതു വികാരമാണ് ഈ പ്രമേയത്തിലുള്ളത്. രാജ്യത്തിന്റെയാകെ സമതുലിത വികസനം എന്ന സഹകരണ ഫെഡറലിസത്തിന്റെ ഭരണഘടനാ സത്തയാണിതിലുള്ളത്. ഇതു മനസ്സിലാക്കി കേരളത്തിന് അർഹതപ്പെട്ടതും അവകാശപ്പെട്ടതുമായ നീതി ഉറപ്പാക്കണമെന്ന് ഈ സഭ യൂണിയൻ സർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു."

*Financial Business:*

The General discussion on the budget for the financial year 2026-27 resumed. The following members took part in the discussion.

Shri D. K. Murali

Shri E. K. Vijayan

Shri Job Maichil

Shri Murali Perunelly

Shri Antony John

Shri Thomas K. Thomas

Dr. Sujith Vijayanpillai

Shri M. Rajagopalan

The Minister for Finance replied to the points raised during the General Discussion on the Budget for the financial year 2026-27.

The House adjourned at 1.21 p.m. to meet again at 9.00 a.m. on Thursday, February 5, 2026.

DR. N. KRISHNA KUMAR,
*Secretary.*